# ന്യൂലൈഫ്

**ബൈബിൾ പഠന കോഴ്സ്**

# ക്രിസ്തുവിന്റെ ജീവിതം

## യൂണിറ്റ് C

## പഠനം 1. രോഗികളുടെ ശുശ്രൂഷകൻ

പേര്:

**വായിക്കുക: മർക്കോസ് 1:14 – 15; 21 – 45**

**താക്കോൽവാക്യം: മർക്കോസ് 1:34**

**"നാനാവ്യാധികളാൽ വലഞ്ഞിരുന്ന അനേകരെ അവൻ സൗഖ്യമാക്കി"**

മർക്കോസ് സുവിശേഷത്തെ അടിസ്ഥാനമാക്കിയാണ് തുടർന്നുള്ള പഠനങ്ങൾ ഈ സുവിശേഷത്തെക്കുറിച്ച് ഓർത്തിരിക്കേണ്ടുന്ന മൂന്ന് കുറിപ്പുകൾ ചുവടെ കൊടുക്കുന്നു.

1. നാലു സുവിശേഷങ്ങളിൽ വെച്ച് ഏറ്റവും ചെറുത്.
2. ഏറ്റവും ഒന്നാമതായി എഴുതപ്പെട്ടതാവാൻ സാദ്ധ്യതയുള്ളത്.
3. എഴുത്തുകാരനായ യോഹന്നാൻ എന്ന മർക്കോസിന് തന്റെ സുവിശേഷം എഴുതുവാനുള്ള കൂടുതൽ വിവരങ്ങളും ലഭിച്ചത് പത്രോസിൽ നിന്നാകാം എന്ന് പൊതുവേ വിശ്വസിച്ചു വരുന്നു ***(അപ്പൊ. പ്ര 12:12).***

മറ്റ് മൂന്നു സുവിശേഷങ്ങളിലും വെച്ച് മർക്കോസിന്റെ സുവിശേഷം പല രീതികളിലും വ്യത്യാസപ്പെട്ടിരിക്കുന്നു. ചുവടെ കൊടുത്തിരിക്കുന്നവ ശ്രദ്ധിക്കുക.

1. യേശു പറഞ്ഞ കാര്യങ്ങളേക്കാളും ചെയ്ത കാര്യങ്ങൾക്ക് ഊന്നൽ കൊടുത്തിരിക്കുന്നു. ഇതിൽ അത്ഭുതങ്ങളെക്കുറിച്ച് 18 വാക്യങ്ങളുണ്ട് എന്നാൽ ഉപമകളെക്കുറിച്ച് 4 വാക്യങ്ങളേയുള്ളൂ.
2. ഗതിവിഗതികളും സംഭവങ്ങളും വളരെ വേഗത്തിൽ സംഭവിക്കുന്നു. "ഉടനെ" "അപ്പോൾ തന്നെ" "അവിടെ നിന്ന് പുറപ്പെട്ട്" എന്നിങ്ങനെയുള്ള വാക്കുകൾ വളരെ കൂടുതലായി ഉപയോഗിച്ചിരിക്കുന്നു.

തീർച്ചയായും മർക്കോസ് സുവിശേഷം കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ളതാണ് തനിക്ക് എന്താണ് യേശുവിനെക്കുറിച്ച് പറയാനുള്ളത് വളരെ ശ്രദ്ധ പിടിച്ചു പറ്റുന്ന ചില കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

1. മർക്കോസ് തന്റെ വായനക്കാർക്ക് മറിയയുടേയോ യോസേഫിന്റേയോ വംശാവലി (കുടുംബ രേഖാ ചിത്രം) നൽകുന്നില്ല എന്നാൽ മത്തായിയും ലൂക്കോസും അപ്രകാരം കൊടുത്തിട്ടുണ്ട്.
2. യേശുവിന്റെ ജനനത്തെക്കുറിച്ച് മർക്കോസ് ഒന്നും തന്നെ പറയുന്നില്ല. യോഹന്നാൻ സ്നാപകൻ പ്രസംഗിച്ചു തുടങ്ങുന്ന ഭാഗം മുതലാണ് മർക്കോസ് തന്റെ സുവിശേഷം ആരംഭിക്കുന്നത്. ആ സമയത്ത് യേശുവിന് ഏകദേശം 30 വയസ്സ് ആയിരുന്നു.
3. തന്റെ സുവിശേഷത്തിന്റെ മൂന്നിൽ ഒരു ഭാഗം യേശുകർത്താവിന്റെ അവസാനത്തെ ആഴ്ചയെക്കുറിച്ച് വിവരിക്കുന്നു ***(അദ്ധ്യായങ്ങൾ 11 – 16).***

മർക്കോസ് യേശുവിനെ എപ്രകാരമാണ് പരിചയപ്പെടുത്തുന്നത്? ദൈവത്തിനും മനുഷ്യനും ശുശ്രൂഷ ചെയ്യുന്ന ഒരു ശുശ്രൂഷകനായിട്ടാണ് മർക്കോസ് യേശുവിനെ വരച്ചു കാണിക്കുന്നത് എന്നതാണ് ഏറ്റവും നല്ല ഉത്തരം തന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുവാൻ എപ്പോഴും തയ്യാറായിരിക്കുന്ന ഒരു ഉത്തമനായ ശുശ്രൂഷകനായിട്ടാണ് യേശുകർത്താവിനെ കാണപ്പെടുന്നത്.

അവൻ തന്റെ പിതാവിന് മഹത്വവും മനുഷ്യർക്കെല്ലാം അനുഗ്രഹങ്ങളും നൽകുന്നു. താൻ തന്നെക്കുറിച്ചു തന്നെ ഇപ്രകാരം പറഞ്ഞു, ***"ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷ ചെയ്യുവാനത്രേ മനുഷ്യപുത്രൻ വന്നത്" (മർക്കോസ് 10:45).***

പ്രവർത്തനനിരതനായ ഒരു ഉത്തമ ശുശ്രൂഷകനെയാണ് ഈ പഠനം വ്യക്തമാക്കുന്നത്.

1. **യെഹൂദപള്ളിയിലുള്ള ശുശ്രൂഷ–** ***21–ാം വാക്യത്തിൽ*** താൻ ഉപദേശിക്കുന്ന തിരക്കിലാണ്. അവന്റെ വാക്കുകൾ വളരെ ശക്തിയുള്ളതാണെന്ന് നമുക്കറിയാം, കാരണം സാധാരണ ജനങ്ങൾ തങ്ങളുടെ ഗുരുക്കന്മാർക്കില്ലാത്ത അധികാരം അവനുണ്ടെന്ന് മനസ്സിലാക്കി. അതേപോലെതന്നെ ഭൂതബാധയാൽ അലറി വിളിച്ച മനുഷ്യനെ സൗഖ്യമാക്കുന്നതിലൂടെയും അവന്റെ അധികാരം വെളിപ്പെടുത്തി.
2. **വീട്ടിലെ ശുശ്രൂഷ–** പള്ളിയിൽ നിന്നും ഇറങ്ങിയ ശേഷം അവൻ പത്രോസിന്റെ അമ്മായിയമ്മ പനി പിടിച്ച് കിടപ്പിലായിരുന്ന ആ ഭവനത്തിലേക്ക് പോയി. യേശു അവളുടെ കൈക്ക് പിടിച്ച് അവളെ എഴുന്നേല്പിച്ചു. അപ്പോൾ തന്നെ അവൾ സൗഖ്യമാവുകയും അവർക്ക് ഭക്ഷണം നൽകി ശുശ്രൂഷ ചെയ്യുവാൻ തക്കവണ്ണമുള്ള ബലം പ്രാപിച്ചു.
3. **വൈകുന്നേരത്തെ ശുശ്രൂഷ–** ഈ ഉത്തമനായ ശുശ്രൂഷകൻ വളരെ മണിക്കൂറുകൾ ശുശ്രൂഷ ചെയ്തു. വൈകുന്നേരമായപ്പോൾ രോഗികളേയും, ഭൂതബാധിതരേയും അവന്റെ അരികിൽ കൊണ്ടു വന്നുകൊണ്ടേയിരുന്നു. അനേക ജീവിതങ്ങളിൽ എത്രയോ മാറ്റങ്ങൾ സംഭവിച്ചു!
4. **ശുശ്രൂഷിക്കുന്നതിനുള്ള ശക്തി–** യേശുകർത്താവിന്റെ പ്രാർത്ഥനാജീവിതത്തിലേക്കൊരു വീക്ഷണം ***36–ാം വാക്യം*** നൽകുന്നു. ദൈവത്തിന്റെ ശുശ്രൂഷകൻ എന്ന നിലയിൽ അവനെ സംബന്ധിച്ചിടത്തോളം തന്റെ പിതാവായ ദൈവത്തോടുള്ള കൂട്ടായ്മയ്ക്ക് സമയം കണ്ടെത്തുന്നത് പ്രാധാന്യമുള്ള ഒരു ആവശ്യവുമായിരുന്നു. നമ്മുടെ ദൈവത്തോടുള്ള ശുശ്രൂഷയുടെ കാര്യത്തിൽ അവൻ നമുക്ക് ഏറ്റവും ഉത്തമമായ ഉദാഹരണമാണ്.
5. **വർദ്ധിക്കുന്ന ശുശ്രൂഷ–** ***"മറ്റുള്ള പട്ടണങ്ങളിലേക്ക് നാം പോക"*** എന്ന് യേശുകർത്താവ് തന്റെ ശിഷ്യന്മാരോടു പറഞ്ഞു. ജനങ്ങൾ അവനായി കാത്തിരിക്കുന്നുവെന്ന് അവന്റെ ശിഷ്യന്മാർ പറഞ്ഞപ്പോഴാണ് താൻ ഇപ്രകാരം പറഞ്ഞത് ***(വാക്യങ്ങൾ 37&38).*** വളരെ പെട്ടെന്ന് ഉണ്ടാകുന്ന ജനപ്രീതിയാൽ അവൻ കുലുങ്ങിപ്പോകുന്നവനല്ല. അവന്റെ ഹൃദയത്തിന്റെ ആഗ്രഹം മറ്റുള്ളവരോട് സംസാരിക്കണം എന്നതായിരുന്നു! തന്റെ കർത്താവും എന്തായിരുന്നുവെന്ന് തനിക്ക് അറിയാമായിരുന്നു. "ഇതിനായിട്ടല്ലോ ഞാൻ പുറപ്പെട്ടു വന്നിരിക്കുന്നത്" ***(വാക്യം 38).***
6. **മനസ്സലിവോടെയുള്ള ശുശ്രൂഷ–** ഈ കുഷ്ഠരോഗിയുടെ കാര്യം വ്യക്തമാക്കുന്നത് ശുശ്രൂഷകന്റെ സ്നേഹത്തെയാണ്. മനസ്സലിഞ്ഞുകൊണ്ട് യേശു അവനെ തൊട്ടു! ഉടൻ തന്നെ അവൻ അസുഖത്തിൽ നിന്നും ശുദ്ധനായിത്തീർന്നു. അവന്റെ നിഷ്കളങ്കമായ വിശ്വാസത്തെയും സൗഖ്യം പ്രാപിക്കാനുള്ള ആഗ്രഹത്തേയും യേശുകർത്താവ് അറിഞ്ഞ് പ്രതികരിച്ചു. ദൈവത്തിന്റെ ഉത്തമനായ ദാസനു മാത്രമേ നമ്മെ നമ്മുടെ പാപങ്ങളിൽ നിന്നും ശുദ്ധീകരിച്ച് ദൈവത്തോട് നിരപ്പിക്കുവാൻ സാധിക്കൂ. അവന്റെ ശക്തി നിങ്ങളുടെ ജീവിതത്തിൽ അനുഭവിച്ചിട്ടുണ്ടോ? നാം അവനെ കർത്താവും രക്ഷിതാവുമായി ആശ്രയിക്കുമ്പോൾ അവൻ നമുക്ക് നാം ദൈവത്തെ ശുശ്രൂഷിക്കുന്നതിനുള്ള നമ്മുടെ ഉദാഹരണമായി മാറുന്നു.

**പഠനം 1.** രോഗികളുടെ ശുശ്രൂഷകൻ

**1** **ചുവടെയുള്ളവ ശരിയോ തെറ്റോ എന്നെഴുതുക**

a. മർക്കോസിന്റെ സുവിശേഷമാണ് ഏറ്റവും അവസാനം എഴുതപ്പെട്ടത്. ......................

b. നാലു സുവിശേഷങ്ങളിലും വെച്ച് ഏറ്റവും ചെറുത് മർക്കോസിന്റെ സുവിശേഷമാണ്. ......................

c. യേശുവിന്റെ ജനനത്തെക്കുറിച്ച് മർക്കോസ് ഒന്നും തന്നെ രേഖപ്പെടുത്തുന്നില്ല. ......................

d. മർക്കോസ് യേശുവിനെ ദൈവത്തിന്റെ രാജാവായി ചിത്രീകരിക്കുന്നു. ......................

e. മർക്കോസിന് തന്റെ സുവിശേഷത്തിലേക്ക് വേണ്ടുന്ന അറിവുകൾ ലഭിച്ചത് ഒരുപക്ഷെ പത്രോസിൽ നിന്നുമായിരിക്കണം. ......................

5

**2** **ബൈബിൾ ഉപയോഗപ്പെടുത്തി മർക്കോസ് 10:45 എഴുതുക (ശുശ്രൂഷ എന്നാൽ പരിചരിക്കുക എന്നാണ്).**

..........................................................................................

..........................................................................................

..........................................................................................

2

**3** **ക്രിസ്തീയ വിശ്വാസികൾ ദൈവത്തെ എപ്രകാരമാണ് ശുശ്രൂഷിക്കേണ്ടത് എന്നതിനെക്കുറിച്ച് ഈ പഠനം നിർദ്ദേശിക്കുന്ന ഏതെങ്കിലും രണ്ട് കാര്യങ്ങളെഴുതുക.**

..........................................................................................

..........................................................................................

..........................................................................................

3

**4** **മർക്കോസ് 1:35 – ൽ യേശുകർത്താവ് ഏകാന്തമായ (വിജനമായ) ഒരു സ്ഥലത്ത് എന്തൊ ഒരു കാര്യം ചെയ്തു.**

a. അത് എന്തായിരുന്നു?..........................................................................

b. അത് എപ്പോഴായിരുന്നു?......................................................................

c. അത് തനിക്ക് പ്രധാനപ്പെട്ടതായിരുന്നതെന്തുകൊണ്ട്? ...................................

d. ഇത് നമുക്ക് പ്രധാനപ്പെട്ടതായിരിക്കുന്നതെന്തുകൊണ്ട്? ................................

6

**5** **ചുവടെ കൊടുത്തിരിക്കുന്ന സൂചനകൾ ഉപയോഗിച്ച് താഴെക്കൊടുത്തിരിക്കുന്ന വാക്ക് ക്രമത്തിലാക്കുക.**

മ. ന്മായദഹൂടെരു-ള്ളിപ- (യഹൂദന്മാർ ഒരുമിച്ച് കൂടി വരുന്ന ഒരു സ്ഥലം) .............................

യ. ഫന്നകർഹൂം- (യേശുകർത്താവ് സന്ദർശിച്ച ഒരു പട്ടണം) .............................

ര. ബത്ത്ശ- (യഹൂദന്മാരുടെ വിശ്രമദിവസം) .............................

റ. ഠകുരോഷ്ഗം- (ഒരു അസുഖം) .............................

4

**6** **a. പത്രോസിന്റെ അമ്മായിയമ്മ സൗഖ്യം പ്രാപിച്ച ഉടനെ ചെയ്തത് എന്ത്?**

..........................................................................................

**b. കർത്താവായ യേശുവിൽ നമ്മുടെ വിശ്വാസം അർപ്പിച്ചശേഷം നമുക്ക് ദൈവത്തെ ഇത് എപ്രകാരം ശുശ്രൂഷിക്കാം എന്നതിന് ചില മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.**

..........................................................................................

..........................................................................................

..........................................................................................

5

25

ആകെ മാർക്ക്

ന്യൂലൈഫ്
ബൈബിൾ പഠന കോഴ്സ്

# ക്രിസ്തുവിന്റെ ജീവിതം

യൂണിറ്റ് C

## പഠനം 2. ശുശ്രൂഷകന്റെ പ്രസംഗം ഗലീലയിൽ

**വായിക്കുക: മർക്കോസ് 4:1 – 9; 13 – 20**

**താക്കോൽവാക്യം: മർക്കോസ് 4:9.**

**"കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ എന്നും അവൻ പറഞ്ഞു"**

യേശുകർത്താവ് അത്ഭുതങ്ങൾ ചെയ്തുകൊണ്ട് ജനങ്ങളെ എപ്രകാരം ശുശ്രൂഷിച്ചുവെന്ന് കഴിഞ്ഞ പഠനത്തിൽ നാം ശ്രദ്ധിച്ചു. അവൻ ദൈവത്തെക്കുറിച്ചും ദൈവരാജ്യത്തെക്കുറിച്ചും ഉപദേശിച്ചതിലൂടെയും അവരെ ശുശ്രൂഷ ചെയ്തു എന്നത് വായനാഭാഗം വ്യക്തമാക്കുന്നു.

തന്റെ ഉപദേശത്തിന്റെ ഒരു പ്രത്യേകതയാണ് ഉപമയുടെ ഉപയോഗം. വിതയ്ക്കാൻ പോയവന്റെ ഉപമ അവയിൽ ഒന്നാണ്. ഗലീല തടാകത്തിന്റെ സമീപത്തു നിന്നുകൊണ്ടാണ് യേശു മഹത്തരമായ ഈ വാക്കുകൾ പറഞ്ഞത്. ജനാവലി വളരെ വലുതായിരുന്നതുകൊണ്ട് താൻ ഒരു പടക് പ്രസംഗപീഠമായി ഉപയോഗിച്ചു.


നാം ഈ ഉപമ വിശദമായി പരിശോധിക്കുന്നതിനുമുമ്പ്, ഒരു ഉപമയെന്നു പറയുന്നത് '**സ്വർഗ്ഗീയ അർത്ഥം ഉൾക്കൊണ്ടിട്ടുള്ള ഒരു ഭൗമിക കഥയാണ്** 'എന്ന് നാം ഓർത്തിരിക്കേണ്ടുന്ന ഒരു വസ്തുതയാണ്. ഒരു തരത്തിൽ നോക്കിയാൽ ഈ '**ഭൗമിക കഥ**' പഠനത്തെ എളുപ്പമാക്കുന്നു. കാരണം സിദ്ധാന്തപരമായ ഒരു സത്യം മനസ്സിലാക്കുന്നതിലും വേഗം നമ്മുടെ മനസ്സ് ഇതിനെ സ്വീകരിക്കുന്നു മറ്റൊരർത്ഥത്തിൽ, '**സ്വർഗ്ഗീയ അർത്ഥം**' മറഞ്ഞു കിടക്കുന്നതാണ് എന്നാൽ അതിന്റെ അന്തർലീനമായ സത്യം നാം നിശ്ചയമായും അന്വേഷിക്കേണ്ടതാണ്. അതിന്റെ ആത്മീയ അർത്ഥത്തെ ശ്രദ്ധയോടെ അന്വേഷിക്കുന്നവർക്ക് വലിയ പ്രതിഫലമുണ്ട്- അവർ നിത്യതയോളം മൂല്യമുള്ള സത്യത്തെയാണ് കണ്ടെത്തുന്നത്.

വ്യത്യസ്തങ്ങളായ നിലകളിലുള്ള നാലു നിലങ്ങളുള്ള ഒരു ഭൂമിയിൽ ഒരു മനുഷ്യൻ വിത്തു വിതക്കുന്നതിനെക്കുറിച്ചാണ് ഈ ഉപമ. നിലത്തിന്റെ പ്രത്യേകതയനുസരിച്ചാണ് ഫലങ്ങൾ തീരുമാനിക്കപ്പെടുന്നത്. വിളവെടുപ്പിന്റെ സമയമായപ്പോൾ ഒരെണ്ണം "**നല്ല നിലമായി**" തെളിവാകുകയും മറ്റ് മൂന്നെണ്ണം ഫലശൂന്യമായി കണക്കാക്കുകയും ചെയ്തു.

ഇപ്രകാരമാണ് ആ '**ഭൗമിക കഥ'.** പിന്നീട് യേശു അതിന്റെ അർത്ഥം വിവരിക്കുകയുണ്ടായി. ദൈവത്തിന്റെ സന്ദേശത്തോട് ജനങ്ങൾ വ്യത്യസ്തമായ രീതികളിലാണ് പ്രതികരിക്കുന്നത് എന്നതിനെക്കുറിച്ചാണ് ഈ ഉപമ അർത്ഥമാക്കുന്നത് എന്ന് താൻ തന്റെ വിശദീകരണത്തിൽ വ്യക്തമാക്കി. നാം ദൈവത്തിന്റെ വചനത്തോട് പ്രതികരിക്കുന്ന വിധം വളരെ പ്രാധാന്യമർഹിക്കുന്നു.

**ഒന്നാമത്തെ രീതിയിലുള്ള നിലം– നിഷ്ഫലമായത്.**

കഠിനമായ വഴിയിൽ വീണുപോയ വിത്തിനെയാണ് ചില വ്യക്തികൾ പ്രതിനിധീകരിക്കുന്നത്. അവയെ വളരെ പെട്ടെന്ന് പക്ഷികൾ വിഴുങ്ങിക്കളഞ്ഞു. ചില വ്യക്തികൾ അവരുടെ മനസ്സിലേക്കും ഹൃദയത്തിലേക്കും കടക്കുന്ന ദൈവവചനം എടുത്തുകളയുവാൻ പിശാചിനെ അനുവദിക്കുന്നതുകൊണ്ട് ഈ വചനത്തെ അവർ ഒരിക്കലും പ്രയോജനപ്പെടുത്തുന്നില്ല.



**രണ്ടാമത്തെ രീതിയിലുള്ള നിലം– നിഷ്ഫലമായത്.**



പാറകൾക്കിടയിൽ വീണുപോയ വിത്ത് ചിത്രീകരിക്കുന്നത് വളരെ ഉത്സാഹത്തോടെ ദൈവവചനം കേട്ട് സ്വീകരിക്കുകയും എന്നാൽ ചില കഷ്ടതകൾ കടന്നുവരുമ്പോൾ പെട്ടെന്നു തന്നെ യേശുകർത്താവിനെ അനുഗമിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്യുന്നു. ഇവരുടെ ജീവിതം ദൈവത്തിന് ഒരിക്കലും ഒരു വിളവെടുപ്പ് നൽകുന്നില്ല.

**മൂന്നാമത്തെ രീതിയിലുള്ള നിലം– നിഷ്ഫലമായത്.**



ഈ രീതിയിലുള്ളവരുടെ തുടക്കം നല്ലതാണെങ്കിലും ഏറെക്കഴിയും മുമ്പേ ജീവിതത്തിലെ ചില സമ്മർദ്ദങ്ങൾ മുഖാന്തിരം ചഞ്ചലിച്ച് പോകുന്നു, അപ്രകാരം ദൈവവചനത്തെ ഞെരുക്കിക്കളയുന്നു. മുള്ളുകൾക്കിടയിൽ വീണ വിത്തുകൾ പ്രതിനിധാനം ചെയ്യുന്നത് ഇങ്ങനെയുള്ളവരെയാണ്. വില പിടിപ്പുള്ള ഫലങ്ങൾ ഉളവാക്കുന്നതിൽ ഇവ പരാജയപ്പെടുന്നു.

**നാലാമത്തെ രീതിയിലുള്ള നിലം– ഫലഭൂയിഷ്ടമായത്.**



നല്ല നിലത്തു വീണ വിത്തിന് സംഭവിച്ചതിലൂടെ മറ്റൊരു കൂട്ടരെ മനസ്സിലാക്കുവാൻ സാധിക്കും. ഈ വിത്ത് മുളച്ച് വ്യത്യസ്ത അനുപാതങ്ങളിലുള്ള വിളവെടുപ്പ് സാധിപ്പിക്കും വിധം ഫലം പുറപ്പെടുവിച്ചു. ഇങ്ങനെയുള്ള വ്യക്തികളെക്കുറിച്ചാണ് ഇപ്രകാരം പറഞ്ഞിരിക്കുന്നത്- " നല്ല മണ്ണിലുള്ളതോ വചനം കേട്ടു ഗുണങ്ങളെ നല്ല ഹൃദയത്തിൽ സംഗ്രഹിച്ചു ക്ഷമയോടെ ഫലം കൊടുക്കുന്നവർ തന്നെ" (ലൂക്കോസ് 8:15).

ഈ മനോഹരമായ ഉപമകളിലൂടെ നമ്മുടെ കർത്താവ് തന്റെ കേൾവിക്കാരോട് തന്റെ വചനത്തോടുള്ള അവരുടെ പ്രതികരണം എപ്രകാരമാണെന്ന് അവരെ സ്വയ പരിശോധനക്ക് വിധേയമാക്കുകയാണ് ചെയ്തത്. നാമും ദൈവത്തിന്റെ സന്ദേശമായ അവന്റെ വചനത്തോട് എപ്രകാരമാണ് പ്രതികരിക്കുന്നത് എന്ന് പരിശോധിക്കേണ്ടതാണ്.

***"ഇന്ന് നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നുവെങ്കിൽ നിങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കരുത്" (എബ്രായർ 3:7,8).***

***"എന്റെ വചനം കേട്ട് എന്റെ അയച്ചവനെ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട് അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്ന് ജീവങ്കലേക്ക് കടന്നിരിക്കുന്നു" (യോഹന്നാൻ 5:24).***

**1** **ഉപമയെന്നാൽ എന്ത് എന്ന് ഒറ്റവാചകത്തിൽ വിശദീകരിക്കുക.**

..................................................................................................................................

.................................................................................................................................. 2

**2** **വിട്ടുപോയ ഭാഗങ്ങളിൽ ശരിയായ വാക്കുകൾ ഉപയോഗിച്ച് പൂരിപ്പിക്കുക.**

a. ജനാവലി വലുതായിരുന്നതുകൊണ്ട് കർത്താവ് ഒരു ...................മായി ഉപയോഗിച്ചു.

b. വായനാഭാഗത്തെ ഈ ഉപമ സാധാരണയായി അറിയപ്പെടുന്നത് (വാക്കുകൾ ശരിയായി എഴുതി കണ്ടെത്തുക) (ൻതവിക്കായ്) ...................... (ന്റെയപോവ) ...................... (മഉപ) ...................... എന്നാണ്.

c. വിത്തുകൾ...................... വ്യത്യസ്തങ്ങളായ ...................... വീണു.

d. ...................... മാത്രമാണ് നല്ല ഫലം പുറപ്പെടുവിച്ചത്. 5

**3** **മർക്കോസ് 4:15 വായിച്ചശേഷം ജനങ്ങളുടെ ഹൃദയത്തിൽ വിതച്ച വചനത്തിന് എന്ത് സംഭവിക്കും എന്നത് ഒരു വാചകത്തിൽ എഴുതുക.**

..................................................................................................................................

.................................................................................................................................. 3

**4** **മർക്കോസ് 4:18&19 വായിച്ചശേഷം, ദൈവവചനം കേൾക്കുന്നവരുടെ ജീവിതത്തിൽ അത് നിഷ്ഫലമായിപ്പോകുന്നതിന്റെ മൂന്നു കാരണങ്ങൾ എടുത്തെഴുതുക.**

a). ..............................................................................................................................

b). ..............................................................................................................................

c)...............................................................................................................................

**5** **ലൂക്കോസ് 6:46 വായിക്കുക ഈ വാക്യം എന്താണ് അർത്ഥമാക്കുന്നതെന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക.**

..................................................................................................................................

.................................................................................................................................. 3

**6** **ഈ പഠനം പൂർത്തിയാക്കിയ ഈ അവസരത്തിൽ യേശുകർത്താവിനെ ഇന്ന് അനേകരും വിശ്വസിക്കുകയോ അനുഗമിക്കുകയോ ചെയ്യാത്തതിന്റെ ചില കാരണങ്ങൾ നിർദ്ദേശിക്കുക.**

..................................................................................................................................

..................................................................................................................................

..................................................................................................................................

.................................................................................................................................. 5

**7** **ഇന്ന് ഏതെല്ലാം രീതിയിലാണ് ജനങ്ങളുടെ മനസ്സിലേക്കും ഹൃദയത്തിലേക്കും ദൈവവചനം വിതയ്ക്കപ്പെടുന്നത്.**

..................................................................................................................................

..................................................................................................................................

..................................................................................................................................

.................................................................................................................................. 4

**25**

ആകെ മാർക്ക്

**ന്യൂലൈഫ്**

**ബൈബിൾ പഠന കോഴ്സ്**

# ക്രിസ്തുവിന്റെ ജീവിതം

## യൂണിറ്റ് C

## പഠനം 3. ശുശ്രൂഷകൻ നിശ്ചയമായും കഷ്ടം അനുഭവിക്കണം

**വായിക്കുക: മർക്കോസ് 8:27 – 33; 9:30 – 32; 10:32 – 37**


**താക്കോൽവാക്യം: മർക്കോസ് 9:31**

**"മനുഷ്യപുത്രൻ മനുഷ്യരുടെ കയ്യിൽ ഏൽപ്പിക്കപ്പെടും, അവർ അവനെ കൊല്ലും; കൊന്നിട്ടു മൂന്നാം നാൾ കഴിഞ്ഞശേഷം അവൻ ഉയിർത്തെഴുന്നേൽക്കും"**

നമുക്ക് മുമ്പിലായി നടക്കുവാൻ പോകുന്ന കാര്യങ്ങളെക്കുറിച്ച് നമുക്ക് ഒന്നും തന്നെ അറിയില്ല. എന്നാൽ നമ്മുടെ കർത്താവിനെ സംബന്ധിച്ച് അങ്ങനെയല്ല, തനിക്ക് മുമ്പിൽ കഷ്ടതയും മരണമുണ്ടെന്ന് തനിക്ക് വളരെ വ്യക്തമായി അറിയാമായിരുന്നു. അവന് ഈ കാര്യങ്ങൾ അറിയുക മാത്രമല്ല പലപ്പോഴും അതെക്കുറിച്ച് സംസാരിച്ചിരുന്നു. അപ്രകാരമുള്ള മൂന്ന് സന്ദർഭങ്ങളെയാണ് ഈ പഠനം കേന്ദ്രീകരിക്കുന്നത്.

**1. ഫിലിപ്പിന്റെ കൈസര്യയിൽ – മർക്കോസ് 8:27 – 33**

യേശു സന്ദർശിച്ചിട്ടുള്ളതിൽ വെച്ച് ഏറ്റവും വടക്കുഭാഗമാണ് ഈ സ്ഥലം. തന്റെ ശിഷ്യന്മാരുമൊത്ത് യേശു നടക്കുമ്പോൾ താൻ അവരോട് രണ്ട് ചോദ്യങ്ങൾ ചോദിക്കുകയുണ്ടായി. ഒന്ന്, **"ജനങ്ങൾ എന്നെ ആരെന്നു പറയുന്നു"** ഈ ചോദ്യത്തിന് ശിഷ്യന്മാർ പല മറുപടികൾ നൽകുകയുണ്ടായി.




a) ഹെരോദാവിനാൽ ശിരച്ഛേദം ചെയ്യപ്പെട്ടശേഷം മരിച്ച് ഉയിർത്തെഴുന്നേറ്റ **യോഹന്നാൻ സ്നാപകൻ** എന്ന് ചിലർ കരുതുന്നു.

b) ചിലർ നീ **ഏലിയാവ്** എന്നു പറയുന്നു. അവൻ അഗ്നിരഥത്തിൽ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടതുകൊണ്ട് അവൻ വീണ്ടും മടങ്ങിവരും എന്ന് വിശ്വസിച്ചിരുന്നു ***(2 രാജാക്കന്മാർ 2:11; മലാഖി 4:5).***

c) മറ്റു ചിലർക്ക് നിന്നെക്കുറിച്ച് വ്യക്തമായ ധാരണയില്ലാത്തതുകൊണ്ട് നീ **പ്രവാചകന്മാരിൽ ഒരുവൻ** എന്നു കരുതുന്നു.

യേശു പിന്നീട് വളരെ പ്രാധാന്യമർഹിക്കുന്ന രണ്ടാമത്തെ ചോദ്യം ചോദിച്ചു:

***"എന്നാൽ നിങ്ങൾ എന്നെ ആരെന്നു പറയുന്നു" നീ ക്രിസ്തുവാകുന്നു*** എന്ന് പത്രോസ് ഉത്തരം പറഞ്ഞു **(വാക്യം 29).** ക്രിസ്തു എന്ന വാക്കിന്റെ അർത്ഥം 'മിശിഹാ' അഥവാ 'അഭിഷിക്തൻ' എന്നാണ്. ദൈവം വാഗ്ദാനം ചെയ്തിട്ടുള്ളതും ദീർഘനാളുകളായി യഹൂദന്മാർ കാത്തിരിക്കുന്ന രക്ഷിതാവിനെ അവർ വിളിക്കുവാനുപയോഗിച്ച പേരാണിത്.

മഹത്വത്തോടെ ഭരണത്തിനായി വരുന്ന മിശിഹയായിട്ട് ഇപ്പോൾ തന്നെക്കുറിച്ച് വിചാരിക്കരുത് എന്ന് വളരെ പെട്ടെന്നു തന്നെ നമ്മുടെ കർത്താവ് അവരെ പഠിപ്പിക്കുവാൻ തുടങ്ങി. അവൻ ആദ്യം കഷ്ടത അനുഭവിച്ച മരിക്കേണ്ടത് ആവശ്യമാണ്. തന്റെ മരണം കൊണ്ടു മാത്രമേ നമ്മെ നമ്മുടെ പാപങ്ങളിൽ നിന്നും അവന് രക്ഷിക്കുവാൻ സാധിക്കൂ.

യേശു പറഞ്ഞ കാര്യം പത്രോസിന് ഇഷ്ടമായില്ല, അപ്രകാരമുള്ള വാക്കുകൾ സംസാരിച്ചതിന് പത്രോസ് കർത്താവിനെ ശാസിച്ചു. നമ്മുടെ കർത്താവ് അവനു നൽകിയ ഉത്തരം കടുപ്പമായി നമുക്ക് തോന്നുമെങ്കിലും **(വാക്യം 33)** പത്രോസിന്റെ എതിർപ്പിന്റെ പിന്നിൽ ആരാണെന്ന് യേശുവിനറിയാമായിരുന്നുവെന്നാണ് നാം മനസ്സിലാക്കേണ്ടത്. അത് പിശാചല്ലാതെ മറ്റാരുമല്ല. നമ്മുടെ കർത്താവ് നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുന്നതിലൂടെ താൻ പൂർണ്ണമായും ദൈവേഷ്ടം ചെയ്യുവാൻ ഏൽപ്പിച്ചു കൊടുത്തു. അതുകൊണ്ടാണ് യാതൊരു ചാഞ്ചല്യവും കൂടാതെ പിശാചിനോട് ദൂരെ പോകുവാൻ കല്പിച്ചത്.

**2. ഗലീലയിൽ – *മർക്കോസ് 9:30 – 32***

നമ്മുടെ കർത്താവിന്റെ തെക്കൻ മേഖലയിലേക്കുള്ള യാത്ര തുടർന്നു (ഭൂപടം കാണുക) തന്റെ പ്രസംഗം ഒരിക്കലും രാജകീയ പ്രൗഢിയെക്കുറിച്ചും, ശക്തിയെക്കുറിച്ചും അല്ലായിരുന്നു മറിച്ച് തള്ളപ്പെടലിനേയും കൊല്ലപ്പെടുന്നതിനേയും കുറിച്ചായിരുന്നു. താൻ മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കും എന്ന് താൻ പ്രഖ്യാപിച്ചു എന്നത് ഏറ്റവും അതിശയിപ്പിക്കുന്ന കാര്യം തന്നെയാണ്. ഉത്തമനായ ദാസൻ തീർച്ചയായും കഷ്ടത അനുഭവിക്കണം എന്നാൽ അവൻ തീർച്ചയായും വിജയിക്കും മരണം വരെയും ജയിക്കുന്നു പക്ഷെ ഒരിക്കലും കർത്താവിനെ ജയിക്കയില്ല.

**3. യെരുശലേമിനു സമീപം – *മർക്കോസ് 10:32 – 34***

തലസ്ഥാന നഗരവും അനേക രാജാക്കന്മാർ ഭരിച്ചിരുന്നതുമായ പട്ടണം ഇപ്പോൾ വളരെ വിദൂരമല്ല ക്രിസ്തു ഫിലിപ്പിന്റെ കൈസര്യയിൽ നിന്നും പുറപ്പെട്ടശേഷം താൻ പറഞ്ഞുകൊണ്ടിരുന്ന കാര്യങ്ങൾ വീണ്ടും വിശദീകരണത്തോടെ ആവർത്തിച്ചു പറയുകയുണ്ടായി.

പ്രത്യേകം ശ്രദ്ധിക്കേണ്ടുന്ന ചില വിശദീകരണങ്ങൾ ചുവടെ ചേർക്കുന്നു.

1. താൻ കഷ്ടത അനുഭവിക്കുവാൻ പോകുന്ന സ്ഥലങ്ങളുടെ പേരുകൾ പ്രസ്താവിക്കുന്നു. ***"ഇതാ നാം യെരുശലേമിലേക്കു പോകുന്നു"***
2. യെഹൂദ നേതാക്കന്മാർ അവനെ വിധിക്കുകയും ജാതികൾക്ക് ഏൽപ്പിക്കുകയും ചെയ്യും.
3. അവനെ അപമാനിച്ചതിനുശേഷം റോമാക്കാർ അവനെ കൊല്ലും.
4. 8,9 അദ്ധ്യായങ്ങളിൽ താൻ പറഞ്ഞു തുടങ്ങിയതുപോലെ മൂന്നാം ദിവസം അവൻ ഉയിർത്തെഴുന്നേൽക്കും .

ദൈവത്തിന്റെ വഴികളിൽ വ്യതിചലിക്കാത്ത ഒരുവനെപ്പോലെയാണ് ദൈവത്തിന്റെ ഉത്തമനായ ശുശ്രൂഷകനെ മർക്കോസ് സുവിശേഷത്തിലൂടെ വരച്ചു കാണിക്കുന്നത്. നമ്മുടെ പാപങ്ങളിൽ നിന്നും നാം വിടുവിക്കപ്പെടുവാൻ തന്റെ കഷ്ടതയും മരണവും അനിവാര്യമാണെന്ന് തനിക്ക് അറിയാമായിരുന്നു. ഇതിനു പിന്നാലെ തന്റെ ഭരണവും ശക്തിയും മഹത്വവും ഉണ്ടാകും ***(ലൂക്കോസ് 24:26; 1പത്രോസ് 5:1)***

ഈ സംഭവക്രമം ക്രിസ്ത്യാനികൾക്ക്, ഓരോ വിശ്വാസിക്കും, ഒരു പക്ഷെ എത്ര ചെറിയ പ്രായക്കാരനായ ദൈവശുശ്രൂഷകനും ബാധകമാണ്. ഒരുപക്ഷെ ഉത്തമനായ ശുശ്രൂഷകനെപ്പോലെയല്ലാതെ നമുക്ക് പലപ്പോഴും തോൽവി നേരിട്ടാലും ദൈവത്തിന്റെ വാഗ്ദാനങ്ങൾ സത്യമായിത്തന്നെ നിലകൊള്ളുന്നു.

***"സഹിക്കുന്നുവെങ്കിൽ കൂടെ വാഴും" (2 തിമൊഥെയോസ് 2:12).***

**1** **ദൈവത്തിന്റെ ഉത്തമദാസനെപ്പോലെ നമ്മുടെ കർത്താവായ യേശുക്രിസ്തു നമ്മിൽ എല്ലാവരിലും നിന്ന് വളരെ വ്യത്യസ്തനാണെന്ന് ഈ പഠനം വ്യക്തമാക്കുന്നു. അവൻ നമ്മിൽ നിന്നും വ്യത്യസ്തനായിരിക്കുന്ന ഒരു കാര്യം ഒരു വാചകത്തിൽ എഴുതുക.**

.............................................................................................................................................
............................................................................................................................................. 2

**2** **ഫിലിപ്പിന്റെ കൈസര്യയിൽ വെച്ച് യേശു തന്റെ ശിഷ്യന്മാരോട് ചോദിച്ച രണ്ട് ചോദ്യങ്ങൾ എഴുതുക.**

a) .............................................................................................................................................
b) ............................................................................................................................................. 2

**3** **a. ഏതു ശിഷ്യനാണ് യേശുവിന്റെ രണ്ടാമത്തെ ചോദ്യത്തിന് ഉത്തരം നൽകിയത്?** ..................................................
**b. അവന്റെ ഉത്തരം ചുവടെ എഴുതുക.** ............................................................................................. 2

**4** **മർക്കോസ് 6:14 – 16 വായിക്കുക അതിനുശേഷം യേശു യോഹന്നാനാണെന്ന് വിശ്വസിച്ച ഒരാളുടെ പേരെഴുതുക.**

............................................................................................................................................. 2

**5** **യേശുകർത്താവ് തനിക്ക് സംഭവിക്കുവാൻ പോകുന്നതിനെക്കുറിച്ച് കൃത്യമായി പറഞ്ഞ വസ്തുതയെക്കുറിച്ച് എന്ത് വിശദീകരണമാണ് നിങ്ങൾക്കു നൽകുവാൻ കഴിയുന്നത്?** ..............................................................................
............................................................................................................................................. 4

**6** **a. നമ്മുടെ കർത്താവ് തനിക്കു വരുവാൻ പോകുന്ന കഷ്ടതകളെക്കുറിച്ച് പറഞ്ഞപ്പോൾ ഏത് ശിഷ്യനാണ് അവനെ എതിർത്തു സംസാരിച്ചത്?** ....................................................................................................
**b. അവനോട് യേശു പറഞ്ഞത് എന്താണെന്നെഴുതുക.** ........................................................................
............................................................................................................................................. 3

**7** **ക്രിസ്തുവിന്റെ കഷ്ടതയെക്കുറിച്ചും പിന്നീടുള്ള തന്റെ മഹത്വത്തെക്കുറിച്ചും പുതിയനിയമത്തിൽ അനേക വാക്യങ്ങളുണ്ട്.** ചുവടെയുള്ള വാക്യങ്ങൾ വായിച്ചശേഷം താഴെ അതിന്റെ കോളത്തിൽ '**കഷ്ടത**' എന്നോ '**മഹത്വം**' എന്നോ എഴുതുക. 6

| *1 പത്രോസ് 2:21* | *ലൂക്കോസ് 9:32* | *യോഹന്നാൻ 17:24* | *2 പത്രോസ് 1:17* | *എബ്രായർ 13:12* | *1 പത്രോസ് 3:18* |
|---|---|---|---|---|---|
| | | | | | |

**8** **യേശു കഷ്ടം അനുഭവിച്ച്, മരിച്ച് പിന്നീട് ഉയിർത്തെഴുന്നേൽക്കേണ്ട ആവശ്യം എന്തായിരുന്നു? (1 പത്രോസ് 3:18 – നിങ്ങളെ സഹായിക്കും).**

.............................................................................................................................................
.............................................................................................................................................
............................................................................................................................................. 4

25
ആകെ മാർക്ക്

**ന്യൂലൈഫ്**

**ബൈബിൾ പഠന കോഴ്സ്**

# ക്രിസ്തുവിന്റെ ജീവിതം


## യൂണിറ്റ് C

## പഠനം 4. ശുശ്രൂഷകന്റെ പ്രവചനം നിവൃത്തിയായി

**വായിക്കുക: മർക്കോസ് 14:53 – 65; 15:1 – 3; 15 – 25; 37; 16:9 – 16**

**താക്കോൽവാക്യം: യോഹന്നാൻ 7:46**

**"ഈ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഒരു നാളും സംസാരിച്ചിട്ടില്ല"**



നമ്മുടെ കർത്താവ് തന്റെ യെരുശലേമിലേക്കുള്ള അവസാന യാത്രയിൽ തന്റെ മരണത്തേയും ഉയിർത്തെഴുന്നേല്പിനെക്കുറിച്ചും തുടർച്ചയായി പ്രവചിച്ചു പറഞ്ഞതിനെക്കുറിച്ചാണ് നാം മുമ്പുള്ള പഠനത്തിൽ ശ്രദ്ധിച്ചത്. താൻ പ്രവചിച്ചിരുന്നതെല്ലാം സത്യമായി സംഭവിച്ചുവെന്നാണ് മർക്കോസ് സുവിശേഷത്തിന്റെ അവസാന അദ്ധ്യായങ്ങൾ വ്യക്തമാക്കുന്നത്.

**1. താൻ മൂപ്പന്മാരാലും പുരോഹിതന്മാരാലും ശാസ്ത്രിമാരാലും തള്ളപ്പെടും എന്ന് താൻ പ്രവചിച്ചു (മർക്കോസ് 8:31).**

അവന്റെ ശിക്ഷാവിധി തുടങ്ങുന്നതിനുമുമ്പ് അവനെ ഈ മൂന്നുവട്ടം മതനേതാക്കന്മാരും ഉൾപ്പെട്ട ന്യായാധിപസംഘത്തിന്റെ മുമ്പാകെ കൊണ്ടുവന്നു. മഹാപുരോഹിതന്റെ നേതൃത്വത്തിലുള്ള പുരുഷന്മാരടങ്ങുന്നതാണ് ഈ സംഘം. ഗത്ശമനയിൽ വെച്ച് യേശുവിനെ പിടിച്ച് ന്യായാധിപസംഘം മുമ്പെ കൂടി വന്നിരുന്ന മഹാപുരോഹിതന്റെ കൊട്ടാരത്തിലേക്കാണ് കൊണ്ടുപോയത് **(മർക്കോസ് 14:53).**

അവന്റെ മേലുള്ള കുറ്റം ഉറപ്പാക്കുവാനായി അവനെതിരെ സാക്ഷികളെ അന്വേഷിക്കേണ്ടത് അവരുടെ ആവശ്യമായിരുന്നു. അവനെതിരെ കള്ളസാക്ഷ്യം പറയുവാൻ ചിലർ തയ്യാറായിരുന്നെങ്കിലും അവരുടെ സാക്ഷ്യങ്ങൾ പരസ്പരം പൊരുത്തപ്പെടുത്തുവാൻ വളരെ പ്രയാസപ്പെട്ടു.

രാത്രിയായപ്പോഴും സാക്ഷികളെ കണ്ടെത്തുന്ന കാര്യത്തിന് പരിഹാരമുണ്ടായില്ല. ഈ പ്രശ്നവുമായി മുന്നോട്ടു തന്നെ പോകുവാൻ മഹാപുരോഹിതൻ തീരുമാനിച്ചു. മിശിഹാ എന്ന തന്റെ പ്രഖ്യാപനത്തെക്കുറിച്ച് പുരോഹിതൻ യേശുവിനെ ചോദ്യം ചെയ്തു.

"**നീ വന്ദ്യനായവന്റെ പുത്രനായ ക്രിസ്തുവോ**" എന്നു മഹാപുരോഹിതൻ ചോദിച്ചു. "**ഞാൻ ആകുന്നു**" എന്ന് യേശു പറഞ്ഞു ***(മർക്കോസ് 14:61 – 62).***

അത്രയും മതിയായിരുന്നു! ന്യായാധിപസംഘം മുഴുവനും ഈ അത്ഭുത പ്രഖ്യാപനം കേൾക്കുകയും അവൻ ദൈവദൂഷണം പറഞ്ഞുകൊണ്ട് കുറ്റക്കാരനായി എന്ന് അവർ വിധിച്ചു. അവരുടെ ദൃഷ്ടിയിൽ അവൻ ഒരു സാധാരണക്കാരനും, ദൈവപുത്രൻ എന്ന് അവകാശപ്പെടുന്നത് ദൂഷണവും മരണശിക്ഷ നൽകപ്പെടേണ്ടുന്ന കുറ്റവുമായിരുന്നു. അവർ അവന് ശിക്ഷ വിധിക്കുകയും പീഢകൾക്കായി വിട്ടുകൊടുക്കുകയും ചെയ്തു. അപ്രകാരം അവന്റെ പ്രവചനം അക്ഷരം പ്രതി ശരിയായി ഭവിച്ചു.

**2. താൻ ജാതികൾക്ക് ഏൽപ്പിക്കപ്പെടുകയും അവർ തന്നോട് മോശമായി പെരുമാറുകയും പിന്നീട് കൊല്ലുകയും ചെയ്യുമെന്ന് പ്രവചിച്ചു *(മർക്കോസ് 10:33 – 34).***

ന്യായാധിപസംഘം മരണശിക്ഷയ്ക്കു വിധിച്ചതിനു പിന്നാലെ യേശുവിനെ അവർ കെട്ടി യഹൂദ്യയിലെ റോമൻ ദേശാധിപതിയായിരുന്ന പൊന്തിയോസ് പീലാത്തോസിന്റെ അടുക്കലേക്ക് കൊണ്ടുപോയി. കുറേ പ്രാവശ്യത്തെ ന്യായവിസ്താരത്തിനുശേഷം പീലാത്തോസ് യേശുവിനെ ക്രൂശീകരണത്തിനായി യഹൂദന്മാർക്ക് ഏൽപ്പിച്ചു കൊടുത്തു ***(മർക്കോസ് 15:15).***

സംഭവിക്കാൻ പോകുന്നതിനെക്കുറിച്ചുള്ള തന്റെ പ്രവചനത്തിൽ യേശു "***യേശു പരിഹാസത്തെ***" കുറിച്ചും "***അടിയേൽക്കുന്നതിനെ***" കുറിച്ചും, "***തുപ്പലേൽക്കുന്നതിനെ***" കുറിച്ചും പറയുകയുണ്ടായി. എല്ലാം സത്യമായി ഭവിച്ചു. അവൻ രാജാവാണെന്ന പ്രഖ്യാപനത്തെ പരിഹസിച്ചുകൊണ്ട് അവനെ രക്തനിറമുള്ള അങ്കി ധരിപ്പിക്കുകയും മുള്ളുകൊണ്ട് ഒരു കിരീടം അവന്റെ തലയിൽ വെയ്ക്കുകയും ചെയ്തു. അവർ അവനെ കോലുകൊണ്ട് അടിക്കുകയും അവനെ തുപ്പുകയും ചെയ്തു. കുറേ ചാട്ടകളുള്ള ചമ്മട്ടികൊണ്ട് അവർ അവനെ അടിച്ചു ***(വാക്യം 15).*** ദിവസത്തിന്റെ പ്രാരംഭത്തിൽ തന്നെ ക്രൂശീകരണം സംഭവിച്ചു. "***നിങ്ങൾ അവനെ അധർമ്മികളുടെ കയ്യാൽ തറപ്പിച്ചു കൊന്നു***" എന്ന് പത്രോസ് ഈ ദിവസത്തെ പിന്തിരിഞ്ഞു നോക്കി പറയുകയുണ്ടായി ***(അപ്പോ. പ്ര 2:23).***

**3. അവൻ തന്റെ ഉയിർത്തെഴുന്നേൽപ്പിനെക്കുറിച്ചു മുൻകൂട്ടി പറഞ്ഞു *(മർക്കോസ് 10:84).***

അവന്റെ എല്ലാ പ്രവചനങ്ങളിലും വെച്ച് ഇതിനോളം ശ്രദ്ധിക്കപ്പെടേണ്ടുന്ന മറ്റൊന്നില്ല ഇത് യാഥാർത്ഥ്യമായോ? അവൻ ശരിക്കും ഉയിർത്തെഴുന്നേറ്റോ?

അവന്റെ ഉയിർപ്പിനെക്കുറിച്ച് അനേകം തെളിവുകളുണ്ട്. യേശു ഇനിയും ഒരിക്കലും മരിക്കാതെവണ്ണം മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു എന്ന് വിശ്വസിക്കുന്നതിൽ മടി കാണിക്കേണ്ട ഒരാവശ്യവുമില്ല. ഈ മഹത്തായ സംഭവത്തെ ദൃഢമാക്കുന്ന അനേകം വിശ്വസ്തസാക്ഷികളുണ്ട് ***(1 കൊരിന്ത്യർ 15:3 – 8)*** കാണുക.

ഈ കാര്യങ്ങളെക്കുറിച്ച് വായിക്കുമ്പോൾ ഒരു ആഹ്വാനം ഇല്ലാതെപോകുന്നത് അസംഭവ്യമാണ്. നാം അഭിമുഖീകരിക്കുന്ന പരമപ്രധാനമായമ ചോദ്യം ഇതാണ്: "യേശു എന്നു വിളിക്കപ്പെടുന്ന വ്യക്തി ആരാണ്" ഒരു പ്രാധാന്യവുമില്ലാത്തവനായി അവനെ തള്ളിക്കളയുവാൻ നമുക്കാവില്ല. താൻ പ്രഖ്യാപിച്ച വിധം തന്നെയാണ് താൻ ആയിരിക്കുന്നതെങ്കിൽ നമ്മുടെ നിത്യരക്ഷയ്ക്കായി നാം അവനിൽ ആശ്രയിക്കേണ്ടത് ആവശ്യമാണ്. നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചതിലൂടെ മറ്റാരും ചെയ്യാത്ത ഒരു കാര്യമാണ് അവൻ നമുക്കുവേണ്ടി ചെയ്തത്. നാം അവനെ രക്ഷകനായി സ്വീകരിക്കുമ്പോൾ നാം അവനെ കർത്താവാക്കി നമ്മുടെ ജീവിതത്തിലെ പ്രഥമമായ സ്ഥാനം നൽകണം.

**1** a. **മർക്കോസ് 14:53 വായിച്ചശേഷം യഹൂദന്മാരുടെ സംഘത്തിൽ ഉൾപ്പെട്ട മൂന്ന് തരങ്ങളിലുള്ള വ്യക്തികൾ ആരെല്ലാം എന്നെഴുതുക.**

........................................................................................................................................................

b. **ഈ സംഘത്തിന്റെ മറ്റൊരു പേരെഴുതുക.** ................................................................................................ (2)

**2** **മർക്കോസ് 14:55 – 59 പഠിച്ചശേഷം, യേശുവിനെതിരായിട്ട് കുറ്റം കണ്ടെത്തുന്നതിൽ യഹൂദ മതനേതാക്കന്മാർക്കുണ്ടായ ഒരു പ്രധാന പ്രശ്നം എന്തായിരുന്നുവെന്ന് ഒരു വാചകത്തിൽ എഴുതുക.**

........................................................................................................................................................

........................................................................................................................................................ (4)

**3** **a. ദൈവദൂഷണം എന്ന് മഹാപുരോഹിതൻ പറഞ്ഞതിലൂടെ അർത്ഥമാക്കിയത് എന്തെന്ന് വിവരിക്കുക.**

........................................................................................................................................................

**b. യഹൂദ ന്യായപ്രമാണമനുസരിച്ച് ദൈവദൂഷണത്തിന് നൽകുന്ന ശിക്ഷയെന്ത്?**

........................................................................................................................................................ (2)

**4** **4. ബൈബിൾ വാക്യങ്ങളുപയോഗിച്ച് പേരുകൾ കണ്ടെത്തുക.**

| | | |
|---|---|---|
| a. റോമൻ ദേശാധിപതി | *മർക്കോസ് 15:1* | ........................................ |
| b. വിട്ടുകൊടുക്കപ്പെട്ട തടവുകാരൻ | *മർക്കോസ് 15:15* | ........................................ |
| c. ക്രൂശ് ചുമന്ന ഒരുവൻ | *മർക്കോസ് 15:21* | ........................................ |
| d. ക്രൂശികരിച്ച സ്ഥലം | *മർക്കോസ് 15:22* | ........................................ |
| e. യേശുവിനെ അടക്കം ചെയ്ത മനുഷ്യൻ | *മർക്കോസ് 15:43 – 46* | ........................................ |

(5)

**5** **5. a. ഉയിർത്തെഴുന്നേല്പ് എന്നതിന്റെ അർത്ഥം എന്ത്?**

........................................................................................................................................................

........................................................................................................................................................

**b. യേശു മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റതു കണ്ട മൂന്ന് വ്യക്തികളുടേയോ വ്യക്തി സമൂഹങ്ങളുടേയോ പേരെ ഴുതുക.**..........................................................................................................................................

........................................................................................................................................................ (5)

**6** **6. ഈ പഠനങ്ങളിലൂടെ നാം കണ്ട പ്രവചനങ്ങളും അവയുടെ നിവർത്തീകരണവും യേശുകർത്താവിനെക്കുറിച്ച് എന്താ ണ് നമ്മെ പഠിപ്പിക്കുന്നത്?**....................................................................................................

........................................................................................................................................................

........................................................................................................................................................ (4)

**7** **7. യേശുകർത്താവിന്റെ മരണത്തോടുള്ള ബന്ധത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് എന്ന് നിങ്ങൾ കരുതുന്നത് എന്ത്?**

........................................................................................................................................................

........................................................................................................................................................ (4)

100
യൂണിറ്റിന്റെ ആകെ മാർക്ക്

Return your study sheets to:

25
ആകെ മാർക്ക്

© Bible Educational Services, P.O Box - 9, MOOKANNUR P.O., 683577, Ernakulam, KERALA ,E-mail : besindia1@gmail.com, www.besweb.org